**15 -ാം കേരള നിയമസഭ**

**2 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 4443** **10-08-2021 - ൽ മറുപടിയ്ക്ക്**

**അഗ്രോസർവ്വീസ് കേന്ദ്രങ്ങൾ**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ കെ ആൻസലൻ | | Shri. P. Prasad<br>(കൃഷി വകുപ്പ് മന്ത്രി) | |
| (എ) | തിരുവനന്തപുരം ജില്ലയിൽ 2021 - 22 വർഷത്തിൽ ഏതൊക്കെ ബ്ലോക്ക് പഞ്ചായത്തുകളിലാണ് അഗ്രോസർവ്വീസ് കേന്ദ്രങ്ങൾ അനുവദിക്കുന്നതെന്ന് വ്യക്തമാക്കാമോ; | (എ) | 2021-22 വർഷത്തിൽ സംസ്ഥാനത്ത് അനുവദിക്കപ്പെടുന്ന പുതിയ അഗ്രോ സർവ്വീസ് സെന്ററുകൾ, കൃഷിശ്രീ സെന്ററുകൾ എന്നായിരിക്കും അറിയപ്പെടുന്നത്. 2021-22 -ൽ സംസ്ഥാനത്താകെ എട്ട് പുതിയ കൃഷിശ്രീ സെന്ററുകൾ തുടങ്ങുന്നതിന് ഭരണാനുമതി നൽകിയിട്ടുണ്ട്. ആയതിന്റെ അടിസ്ഥാനത്തിൽ കൃഷി ഡയറക്ടർ 'പ്രവർത്തന നിർദ്ദേശങ്ങൾ' തയ്യാറാക്കി വരുന്നു. 'പ്രവർത്തന നിർദ്ദേശങ്ങളുടെ' അടിസ്ഥാനത്തിൽ ഓരോ ജില്ലയിൽ നിന്നും റിപ്പോർട്ട് ചെയ്യപ്പെടുന്ന ആവശ്യകത അനുസരിച്ചാണ് ജില്ലകൾക്ക് കൃഷിശ്രീ സെന്ററുകൾ അനുവദിക്കുന്നത്. ഒരു ബ്ലോക്കിൽ ഒരു കൃഷിശ്രീ സെന്ററാണ് അനുവദിക്കുക. ഓഫീസ് പ്രവർത്തിക്കുന്നതിന് 25m2 സ്ഥല സൗകര്യവും മെഷീനറി സൂക്ഷിക്കുന്നതിന് 200 m2 സ്ഥലസൗകര്യവും അനുവദിക്കുന്ന ബ്ലോക്കുകൾക്ക് പുതിയ കൃഷിശ്രീ സെന്റർ അനുവദിക്കുന്നതാണ്. കൂടാതെ ഇതുവരെ ഒരു അഗ്രോ സർവ്വീസ് സെന്ററും രൂപീകരിച്ചിട്ടില്ലാത്ത ബ്ലോക്കുകൾക്ക് മുൻഗണന നൽകുന്നതാണ്. |
| (ബി) | ഓരോ അഗ്രോസർവ്വീസ് കേന്ദ്രത്തിനും പ്രവർത്തനങ്ങൾക്കായി എത്ര തുകയാണ് അനുവദിച്ചിരിക്കുന്നതെന്ന് വ്യക്തമാക്കുമോ? | (ബി) | ഒരു അഗ്രോ സർവ്വീസ് സെന്റർ (കൃഷിശ്രീ കേന്ദ്രം) സ്ഥാപിക്കുന്നതിന് 31.25 ലക്ഷം രൂപയാണ് അനുവദിച്ചിട്ടുള്ളത്. |

സെക്ഷൻ ഓഫീസർ